"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി - മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ ജോലിചെയ്യുന്ന ശ്രീ.സിബിൻ രാജന്റെ കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ആസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിലുള്ള അന്യത്ര സേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

**സ.ഉ.(സാധാ) നം.296/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/02/2021

---

പരാമർശം:- 1 10.05.2013-ലെ സർക്കുലർ നമ്പർ 42/2013/ധന

2 28.11.2013-ലെ സ.ഉ.(പി)നം.580/2013/ധന

3 30.11.2019-ലെ സ.ഉ.(സാധാ)നം.2715/2019/തസ്വഭവ

4 കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സെക്രട്ടറി (ടെക്നിക്കൽ /അഡ്മിനിസ്ട്രേഷൻ)-യുടെ 10.11.2020-ലെ 121/KRERA/2020 -നമ്പർ കത്ത്.

5 മുഖ്യ നഗരാസൂത്രകന്റെ 28.12.2020-ലെ TCPCTP/2330-A3 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം (3) പ്രകാരം മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ ജോലിചെയ്യുന്ന ശ്രീ. സിബിൻ രാജനെ കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ആസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിൽ ഒരു വർഷ കാലാവധിയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ശ്രീ. സിബിൻ രാജന്റെ അന്യത്ര സേവനകാലാവധി 05.12.2020-ന് അവസാനിക്കുന്നതായും ടി കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (4) പ്രകാരം കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. ടിയാന്റെ അന്യത്ര സേവനം 06.12.2020 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച നൽകുന്നതിൽ എതിർപ്പില്ലെന്ന് പരാമർശം (5) പ്രകാരം മുഖ്യ നഗരാസൂത്രകനും അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ ജോലിചെയ്യുന്ന ശ്രീ.സിബിൻ രാജന്റെ കേരളാ റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി ആസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) തസ്തികയിലുള്ള അന്യത്ര സേവന കാലാവധി, കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 140 (സി)-യിലെ വ്യവസ്ഥകൾക്കും അന്യത്ര സേവനത്തിന് ബാധകമായ പരാമർശം (1), (2) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കും വിധേയമായി 06/12/2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE M

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

ശ്രീ. സിബിൻ രാജൻ, ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ), കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി,തിരുവനന്തപുരം. (മുഖ്യ നഗരാസൂത്രകൻ മുഖേന)

ചെയർമാൻ, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം.

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ.), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ഇ.&ആർ.എസ്.എ), കേരള തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം.

Signature valid
Digitally signed by MANJULA G
Date: 2021.02.03 17:45:45 IST
Reason: Approved

സെക്ഷൻ ഓഫീസർ.